## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3182 — 23.3.2015-ൽ മറുപടിയ്ക്ക്

### അച്ചടി വകുപ്പിലെ പാൽ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്: | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) അച്ചടി വകുപ്പിലെ ജീവനക്കാർക്ക്, രാസ പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ പ്രതിരോധിക്കുവാൻ പാൽ വിതരണം നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. കേരള പ്രസ്സ് മാന്വലിലെ പാര 1028 പ്രകാരം ഈയവുമായി നേരിട്ട് ബന്ധമുള്ള അച്ചടി വകുപ്പിലെ എല്ലാ ജീവനക്കാർക്കും പാൽ/പാൽബത്ത അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനുശേഷം 17.1.1991ലെ ജി.ഒ.(എം.എസ്)നം. 10/91/ഉവിവപ്രകാരം അറ്റന്റൻസ് കാർഡ് പഞ്ച് ചെയ്യുന്ന എല്ലാ സാങ്കേതിക വിഭാഗം ജീവനക്കാർക്കും പാൽ/പാൽബത്ത അനുവദിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് അച്ചടി വകുപ്പിലുള്ള കാർഡ് പഞ്ച് ചെയ്യുന്ന എല്ലാ സാങ്കേതിക വിഭാഗം ജീവനക്കാർക്കും പാൽ/പാൽബത്ത അനുവദിച്ച നൽകിയിരുന്നു. |
| ബി) എങ്കിൽ എന്നുമുതൽ എന്നുവരെയാണ് വിതരണം നടത്തിയത്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) 17.01.1991 മുതൽ 03.02.2015 വരെയുള്ള കാലയളവിലാണ് പാൽ വിതരണം നടത്തിയിട്ടുള്ളത്. പകർപ്പുകൾ അനുബന്ധം 'എ', 'എ 1' , 'ബി'യും ആയി ചേർത്തിട്ടുണ്ട്. |
| സി) ഇപ്പോൾ പാൽ വിതരണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് ഇത് നിർത്തലാക്കിയത് ; | സി) ഇല്ല. 2000 മുതൽ വാങ്ങിയ പ്രിന്റിംഗുമായി ബന്ധപ്പെട്ട മെഷീനുകൾ ആധുനികമാണെന്നും അതിനാൽ ജീവനക്കാർ ഈയവുമായി നേരിട്ട ബന്ധപ്പെടുന്നില്ലെന്നും മാറിയ സാഹചര്യത്തിൽ പാൽ/ പാൽബത്ത അനുവദിക്കുന്നതിന് അടിസ്ഥാനമില്ലായെന്നും ഈ ഉത്തരവ് പുന:പരിശോധിക്കണമെന്നുമുള്ള അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് പാൽ വിതരണം നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3182 — 23.3.2015-ൽ മറുപടിയ്ക്ക്

### അച്ചടി വകുപ്പിലെ പാൽ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) അച്ചടി വകുപ്പിലെ ജീവനക്കാർക്ക്, രാസ പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ പ്രതിരോധിക്കുവാൻ പാൽ വിതരണം നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. കേരള പ്രസ്സ് മാന്വലിലെ പാര 1028 പ്രകാരം ഈയവുമായി നേരിട്ട് ബന്ധമുള്ള അച്ചടി വകുപ്പിലെ എല്ലാ ജീവനക്കാർക്കും പാൽ/പാൽബത്ത അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനുശേഷം 17.1.1991ലെ ജി.ഒ.(എം.എസ്)നം. 10/91/ഉവിവപ്രകാരം അറ്റൻഡൻസ് കാർഡ് പഞ്ച് ചെയ്യുന്ന എല്ലാ സാങ്കേതിക വിഭാഗം ജീവനക്കാർക്കും പാൽ/പാൽബത്ത അനുവദിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് അച്ചടി വകുപ്പിലുള്ള കാർഡ് പഞ്ച് ചെയ്യുന്ന എല്ലാ സാങ്കേതിക വിഭാഗം ജീവനക്കാർക്കും പാൽ/പാൽബത്ത അനുവദിച്ച നൽകിയിരുന്നു. |
| ബി) എങ്കിൽ എന്നുമുതൽ എന്നുവരെയാണ് വിതരണം നടത്തിയത്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) 17.01.1991 മുതൽ 03.02.2015 വരെയുള്ള കാലയളവിലാണ് പാൽ വിതരണം നടത്തിയിട്ടുള്ളത്. പകർപ്പുകൾ അനുബന്ധം 'എ', 'എ 1' , 'ബി'യും ആയി ചേർത്തിട്ടുണ്ട്. |
| സി) ഇപ്പോൾ പാൽ വിതരണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് ഇത് നിർത്തലാക്കിയത് ; | സി) ഇല്ല. 2000 മുതൽ വാങ്ങിയ പ്രിന്റിംഗുമായി ബന്ധപ്പെട്ട മെഷീനുകൾ ആധുനികമാണെന്നും അതിനാൽ ജീവനക്കാർ ഈയവുമായി നേരിട്ട ബന്ധപ്പെടുന്നില്ലെന്നും മാറിയ സാഹചര്യത്തിൽ പാൽ/ പാൽബത്ത അനുവദിക്കുന്നതിന് അടിസ്ഥാനമില്ലായെന്നും ഈ ഉത്തരവ് പുന:പരിശോധിക്കണമെന്നുമുള്ള അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് പാൽ വിതരണം നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |